## സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ

264 (1616) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ പെൻഷനുകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നും ഓരോ പെൻഷനും എത്ര രൂപ വീതമാണ് എന്നും വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെങ്കിലും പെൻഷൻ കുടിശ്ശിക ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ഇതുവിതരണം ചെയ്യാൻ എന്തുനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ പെൻഷൻ വാങ്ങുന്നവർ പോസ്റ്റോഫീസിൽ അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഡി) രോഗികൾ, പ്രായക്കൂടുതലുള്ളവർ എന്നിവർക്ക് നിലവിൽ ലഭിക്കുന്നതുപോലെ എം. ഒ. ആയി പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) വിവിധ ക്ഷേമപെൻഷനുകളുടെ പേരും, പ്രതിമാസ നിരക്കും ചുവടെ ചേർക്കുന്നു :

| | ക്ഷേമ പെൻഷന്റെ പേര് | പ്രതിമാസ നിരക്ക് (രൂപ) |
|---|---|---|
| 1. | വികലാംഗ പെൻഷൻ | 525 |
| | 80%ത്തിനുമുകളിൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ | 700 |
| 2. | അഗതി (വിധവ) പെൻഷൻ | 525 |
| 3. | ദേശീയ വാർദ്ധക്യകാല പെൻഷൻ | 400 |
| | 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ | 900 |
| 4. | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525 |

(ബി) 2012–13 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച തുക മുഴുവനും കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ വിതരണത്തിനായി ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികളും മറ്റുധനസഹായങ്ങളും 2013 ഏപ്രിൽ 1 മുതൽ UID നിർബന്ധമാക്കി ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ്, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്വഴി വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷനുകൾ

265 (1616) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എന്തെല്ലാം സാമൂഹ്യസുരക്ഷാ പെൻഷനുകളാണ് നൽകിവരുന്നത് ;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് പെൻഷനായി നൽകുന്നത് ;

(സി) ഇവയിൽ ഓരോ പെൻഷനും എത്ര തവണ വീതം കുടിശ്ശികയുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

## ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ നടപ്പിലാക്കിവരുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ.

(ബി) ടി പെൻഷൻ പദ്ധതികളിൽ പ്രതിമാസം നൽകുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | വികലാംഗപെൻഷൻ | .. | 525 രൂപ |
| | (a) 80% മുകളിൽ വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ | .. | 700 രൂപ |
| 2. | അഗതി (വിധവ) പെൻഷൻ | .. | 525 രൂപ |
| 3. | ദേശീയ വാർദ്ധക്യകാല പെൻഷൻ | .. | 400 രൂപ |
| | (a) 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാലപെൻഷൻ | .. | 900 രൂപ |
| 4. | 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | .. | 525 രൂപ |

LIBRARY ARCHIVES Kerala Legislative Assembly